**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2852** **25-06-2024 - ൽ മറുപടിയ്ക്ക്**

**ഗോത്രവർഗ്ഗ മേഖലയിൽ സ്ത്രീ ശാക്തീകരണ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീമതി കാനത്തിൽ ജമീല | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പട്ടികവർഗ്ഗ മേഖലയിലെ സ്ത്രീകളുടെ ജീവിതാവസ്ഥകൾ മനസ്സിലാക്കുന്നതിനും അവർക്ക് തുല്യനീതിയും മെച്ചപ്പെട്ട ജീവിത സൗകര്യങ്ങളും ഉറപ്പാക്കുന്നതിനും വകുപ്പ് തലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തി വരുന്ന എല്ലാ പദ്ധതികളിലും പട്ടികവർഗ്ഗ സ്ത്രീകളുടെ പങ്കാളിത്തവും തുല്യ നീതിയും ഉറപ്പ് വരുത്തുന്നുണ്ട്. സംസ്ഥാനത്തെ ഒറ്റപ്പെട്ടതും പിന്നോക്കാവസ്ഥയിൽ നിൽക്കുന്നതുമായ എല്ലാ ഗോത്ര മേഖലകളിലെയും സ്ത്രീകളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും പൊതു സമൂഹത്തിൽ സ്ത്രീകൾ ആർജ്ജിച്ച ശാക്തീകരണത്തിനൊപ്പം അവരെയും എത്തിക്കുന്നതിനായി വകുപ്പ് നടത്തി വരുന്ന ക്ഷേമ പദ്ധതികൾ, അടിസ്ഥാന സൗകര്യ വികസനം, വിദ്യാഭ്യാസ മേഖലയിലെ പദ്ധതികൾ, ആരോഗ്യമേഖലയിലെ പദ്ധതികൾ തൊഴിലും ഉപജീവനവും നൽകുന്ന പദ്ധതികൾ തുടങ്ങിയവയിലെല്ലാം സ്ത്രീകളുടെ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നുണ്ട്. അതിലുപരി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടത്തി വരുന്ന **“കേരള ട്രൈബൽ പ്ലസ്"** പദ്ധതിയിലെ 90% ഗുണഭോക്താക്കളും സ്ത്രീകളാണ്. ട്രൈബൽ പ്ലസ് പദ്ധതിയിലൂടെ ഒട്ടനവധി സ്ത്രീകൾക്ക് സ്ഥിര വരുമാനം ഉറപ്പ് വരുത്തുന്നതിനും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ ഒറ്റപ്പെട്ടതും പിന്നോക്കാവസ്ഥയിൽ നിൽക്കുന്നതുമായ എല്ലാ ഗോത്ര മേഖലകളിലെയും സ്ത്രീകളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും പൊതു സമൂഹത്തിൽ സ്ത്രീകൾ ആർജ്ജിച്ച ശാക്തീകരണത്തിനൊപ്പം അവരെയും എത്തിക്കുന്നതിനുമായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം വ്യക്തമാക്കാമോ; | (ബി) | പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തി വരുന്ന എല്ലാ പദ്ധതികളിലും പട്ടികവർഗ്ഗ സ്ത്രീകളുടെ പങ്കാളിത്തവും തുല്യ നീതിയും ഉറപ്പ് വരുത്തുന്നുണ്ട്. സംസ്ഥാനത്തെ ഒറ്റപ്പെട്ടതും പിന്നോക്കാവസ്ഥയിൽ നിൽക്കുന്നതുമായ എല്ലാ ഗോത്ര മേഖലകളിലെയും സ്ത്രീകളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും പൊതു സമൂഹത്തിൽ സ്ത്രീകൾ ആർജ്ജിച്ച ശാക്തീകരണത്തിനൊപ്പം അവരെയും എത്തിക്കുന്നതിനായി വകുപ്പ് നടത്തി വരുന്ന ക്ഷേമ പദ്ധതികൾ, അടിസ്ഥാന സൗകര്യ വികസനം, |

| | | | |
|---|---|---|---|
| | | | വിദ്യാഭ്യാസ മേഖലയിലെ പദ്ധതികൾ, ആരോഗ്യമേഖലയിലെ പദ്ധതികൾ തൊഴിലും ഉപജീവനവും നൽകുന്ന പദ്ധതികൾ തുടങ്ങിയവയിലെല്ലാം സ്ത്രീകളുടെ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നുണ്ട്. അതിലുപരി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടത്തി വരുന്ന **"കേരള ട്രൈബൽ പ്ലസ്"** പദ്ധതിയിലെ 90% ഗുണഭോക്താക്കളും സ്ത്രീകളാണ്. ട്രൈബൽ പ്ലസ് പദ്ധതിയിലൂടെ ഒട്ടനവധി സ്ത്രീകൾക്ക് സ്ഥിര വരുമാനം ഉറപ്പ് വരുത്തുന്നതിനും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്. |
| (സി) | വനാന്തര ഊരുകളിലെ റോഡുകളും വഴി വിളക്കുകളും മെച്ചപ്പെടുത്താനും വിദ്യാസമ്പന്നർക്ക് തൊഴിൽ സാധ്യത ഉറപ്പാക്കാനും സ്ത്രീകളുടെ ആരോഗ്യം ഉറപ്പ് വരുത്തുന്നതിനും നടപടി സ്വീകരിക്കുമോ; | (സി) | വനാന്തരത്തിലെ പട്ടികവർഗ്ഗ മേഖലകളിലെ റോഡുകളും വഴി വിളക്കുകളും മെച്ചപ്പെടുത്താനും വിദ്യാസമ്പന്നർക്ക് തൊഴിൽ സാധ്യത ഉറപ്പാക്കാനും സ്ത്രീകളുടെ ആരോഗ്യം ഉറപ്പുവരുത്തുന്നതിനും താഴെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.<br><br>വനാന്തര പ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഗുണഭോക്താക്കളുടെ ആവശ്യ പ്രകാരം ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് അംഗീകരിക്കുന്ന പദ്ധതികൾ<br><br>വിദ്യാസമ്പന്നർക്ക് തൊഴിൽ ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലനങ്ങൾ<br><br>അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗ യുവതീ-യുവാക്കൾക്ക് താല്പര്യത്തിന് അനുസരിച്ച് ആനുകാലിക പ്രാധാന്യം ഉള്ളതും തൊഴിൽ സാധ്യതയുള്ളതുമായ ഹ്രസ്വകാല തൊഴിൽ പരിശീലനം നൽകി പ്ലേയ്സ്മെന്റ് മുഖേന തൊഴിൽ ഉറപ്പ് വരുത്തുന്നു.<br><br>ഗർഭിണികൾക്ക് പോഷകാഹാരം ഉറപ്പ് വരുത്തുന്നതിനായി പ്രതിമാസം 2,000/- രൂപ നിരക്കിൽ 18 മാസത്തേക്ക് ധനസഹായം അനുവദിക്കുന്ന **ജനനി ജന്മരക്ഷ** പദ്ധതി<br><br>അട്ടപ്പാടിയിലെ ഗർഭിണികളുടെയും ശിശുക്കളുടെയും ആരോഗ്യസുരക്ഷയ്ക്ക് **ഊരിന്റെ താരാട്ട്** പദ്ധതി<br><br>സ്ത്രീകൾ ഉൾപ്പെടെയുള്ള പട്ടികവർഗ്ഗക്കാർക്ക് ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്നതിന് വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് ആരോഗ്യ വകുപ്പ് മുഖേന നടപ്പാക്കുന്ന **ആരോഗ്യ സുരക്ഷാ** പദ്ധതി<br><br>സ്ത്രീകൾക്ക് പോഷകാഹാര ലഭ്യത ഉറപ്പ് വരുത്തുന്ന പദ്ധതികൾ |

| | | | |
|---|---|---|---|
| | | | കൗൺസലിംഗ് |
| (ഡി) | ആദിവാസി ഊരുകളിൽ കുടുംബശ്രീ യൂണിറ്റുകളുടെ ഇടപെടലുകൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്നു വ്യക്തമാക്കുമോ? | (ഡി) | പട്ടികവർഗ്ഗ മേഖലകളിൽ കുടുംബശ്രീ യൂണിറ്റുകളുടെ ഇടപെടലുകൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പാലക്കാട്, അട്ടപ്പാടി ബ്ലോക്കിൽ അഗളി, ഷോളയാർ, പുതൂർ എന്നീ പഞ്ചായത്തുകളിലെ 192 പട്ടികവർഗ്ഗ മേഖലകൾ കേന്ദ്രീകരിച്ച് 2013 മുതൽ 144 കമ്മ്യൂണിറ്റി കിച്ചണുകൾ പ്രവർത്തിച്ചുവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പും വനിത-ശിശുക്ഷേമ വകുപ്പും യഥാക്രമം 60:40 അനുപാതത്തിൽ കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തനത്തിനുള്ള ഫണ്ട് നൽകിവരുന്നു. കുടുംബശ്രീയിൽ നിന്നും പുതിയ പദ്ധതികൾ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കും. |

സെക്ഷൻ ഓഫീസർ